100 (1206) **ലോക്കൗട്ടിലാകുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് സഹായം**

ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. പി. നാരായണൻ :
ശ്രീ. സി.എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോക്കൗട്ടിലാകുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് സഹായം നൽകുന്ന ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇനി ആവശ്യമായ സാമ്പത്തിക സഹായം ഏതെല്ലാം രീതിയിൽ സ്വരൂപിക്കാനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല. ഇതിനു വേണ്ടതായ നിർദ്ദേശങ്ങൾ നൽകുവാൻ ലേബർ കമ്മിഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി)&(സി) നിർദ്ദേശങ്ങൾ ലഭിച്ചശേഷം അവ വിശദമായി പരിശോധിച്ചശേഷം മാത്രമേ അന്തിമതീരുമാനം എടുക്കാൻ കഴിയുകയുള്ളൂ.

101 (1207) **തിയേറ്റർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. യു.എസ്. ശശി :
ശ്രീ. ജോസ് ബേബി :
ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീയേറ്റർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തെക്കുറിച്ച് പഠിക്കുന്നതിന് നിയുക്തമായ കമ്മിഷന്റെ ശുപാർശകൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കമ്മിഷന്റെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഈ വിഭാഗത്തിലെ ഓരോ ഗ്രൂപ്പിലും ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ഇവർക്ക് നിലവിലുണ്ടായിരുന്ന ശമ്പള നിരക്കും ശുപാർശചെയ്തിട്ടുള്ള വർദ്ധനവും എത്രവീതമാണെന്നും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് മൊത്തം എത്ര തീയേറ്റർ ജീവനക്കാരുള്ളതായിട്ടാണ് കണക്കാക്കിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly